(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും നൽകി ആവശ്യമായ ഫണ്ടും ലഭിച്ചാലേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത റോഡിന്റെ മോശമായ ഭാഗത്ത് റിപ്പയറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

59 (3230) ആലക്കോട്-മറ്റത്തെ-കാപ്പിമല റോഡ്

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23/12/91-ൽ ജി.ഒ.(ആർ.ടി) നം. 1335/91 പ്രകാരം പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആലക്കോട്-മറ്റത്തെ- കാപ്പിമല റോഡിന്റെ ടാറിംഗ് പണി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എത്ര കിലോമീറ്ററിന്റെ പണി പൂർത്തിയാക്കി;

(സി) എത്ര കിലോമീറ്ററിന്റെ പണിയാണ് ടെണ്ടർ വിളിച്ചത് എന്നും ഈ റോഡ് പണിക്കായി ഇതിനോടകം എത്ര രൂപ ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന ഭാഗത്തിന്റെ ടാറിംഗ് പണി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കി.മീ.0/0 മുതൽ 7/090 വരെയുള്ള ഭാഗം മാത്രമേ ടാറിംഗ് പണി പൂർത്തിയാക്കിയുള്ളൂ.

(സി) ഈ റോഡിന്റെ കി.മീ.0/0 മുതൽ 9/00 വരെയുള്ള ഭാഗത്തിന് ടെണ്ടർ വിളിച്ചു. 1,09,92,692/- രൂപ ഇതുവരെ ചെലവായി.

(ഡി) അവശേഷിക്കുന്ന ഭാഗത്തെ പണിക്ക് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള കുറച്ചു സ്ഥലം ആവശ്യമാണ്. ഈ സ്ഥലം വിട്ടുകിട്ടാൻ ഉത്തരവായെങ്കിലും ഇതുവരെ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ഈ സ്ഥലം കൈമാറുകയും ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്താൽ അവശേഷിക്കുന്ന ഭാഗത്തിന്റെ ടാറിംഗ് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

60 (3231) പെരുമ്പടവ് സെൻട്രൽ ക്രോസ് റോഡിന്റെ നിർമ്മാണം

ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഇലഞ്ഞി പഞ്ചായത്തിലെ പെരുമ്പടവം സെൻട്രൽ ക്രോസ് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly